ഉത്തരം

(എ) ഉണ്ട്.

(ബി) അല്ല. ഇതിന് പ്രത്യേകമായി സർക്കാർ ഉത്തരവു പുറപ്പെടുവിക്കേണ്ടതുണ്ട്.

(സി) ഉണ്ട്.

(ഡി) ഇല്ല. പരിശോധിക്കുന്നതാണ്.

ജോലി നഷ്ടപ്പെട്ട അദ്ധ്യാപകരെ സർക്കാർ സർവ്വീസിൽ ലയിപ്പിക്കുന്നത് സംബന്ധിച്ച്

33(2884) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനാദായകരമായി പ്രവർത്തിച്ചിരുന്ന കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ എ.എം.എൽ.പി. സ്കൂൾ അടച്ചുപൂട്ടിയതിനെത്തുടർന്ന് ജോലി നഷ്ടപ്പെട്ട അദ്ധ്യാപകരെ സർക്കാർ സർവ്വീസ്സിൽ ലയിപ്പിക്കണമെന്ന കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) 1-6-2005 മുതൽ വിവിധ സർക്കാർ സ്കൂളുകളിൽ ജോലി ചെയ്യുവരുന്ന പ്രസ്തുത അദ്ധ്യാപകരുടെ സർവ്വീസ് റഗുലറൈസ് ചെയ്യുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ;

(സി) പ്രസ്തുത അദ്ധ്യാപകരുടെ സർവ്വീസ് ആനുകൂല്യങ്ങൾ മുടങ്ങി കിടക്കുന്നതുമൂലമുള്ള പ്രയാസങ്ങൾ ദൂരീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

ലാബ് അസിസ്റ്റന്റ് തസ്തികയിലെ നിയമനം

34(2885) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ ലാബ് അസിസ്റ്റന്റ് തസ്തികയിൽ എത്രപേർക്ക് നിയമനം നൽകിയെന്ന് ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഒഴിവ് എത്രയാണെന്നറിയിക്കുമോ; ഒഴിവുകൾ സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരം നൽകുമോ; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഒഴിവുകൾ യഥാസമയം പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഉത്തരം

(എ)

തിരുവനന്തപുരം	-	32
കൊല്ലം	-	34
പത്തനംതിട്ട	-	3
ആലപ്പുഴ	-	15
കോട്ടയം	-	15
ഇടുക്കി	-	13
എറണാകുളം	-	23
തൃശ്ശൂർ	-	34
പാലക്കാട്	-	33
മലപ്പുറം	-	20
കോഴിക്കോട്	-	36
വയനാട്	-	14
കണ്ണൂർ	-	31
കാസർഗോഡ്	-	10

(ബി) ആകെ ഒഴിവുകൾ 223 ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	-	20
കൊല്ലം	-	22
പത്തനംതിട്ട	-	16
ആലപ്പുഴ	-	15
കോട്ടയം	-	9
ഇടുക്കി	-	12

LIBRARY ARCHIVES Kerala Legislative Assembly

എറണാകുളം	-	19
തൃശ്ശൂർ	-	15
പാലക്കാട്	-	31
മലപ്പുറം	-	12
കോഴിക്കോട്	-	19
വയനാട്	-	6
കണ്ണൂർ	-	14
കാസർഗോഡ്	-	13

കെ.പി.എസ്.സി. മുഖാന്തരം നിയമനം നടത്തേണ്ട തസ്തികകളിലെ ഒഴിവുകൾ അതാത് കെ.പി.എസ്.സി. ജില്ലാ ഓഫീസർക്ക് റിപ്പോർട്ട് ചെയ്യുന്നതിനും ട്രൈബ്യൂണൽ മുഖാന്തിരം നിയമനം നടത്തേണ്ട തസ്തികകളിലെ ഒഴിവുകൾ അതത് ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിൽനിന്നും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അധ്യാപകർ

35(2888) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.പി. തലം മുതൽ ഹയർസെക്കന്ററി വരെയുള്ള വിദ്യാലയങ്ങളിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന എത്ര അദ്ധ്യാപകരുണ്ടെന്ന് കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ ;

(ബി) നിലവിൽ ഒഴിവുള്ള തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly